# ഇത് സാംസ്കാരിക ഫാഷിസം തന്നെ

**വിമർശനത്തെ** വിമർശനം കൊണ്ടും ആശയത്തെ ആശയം കൊണ്ടും നേരിടുക എന്നതാണ് ജനാധിപത്യത്തിലും ആവിഷ്കാര സ്വാതന്ത്ര്യത്തിലും വിശ്വാസമുള്ള ഒരു സംസ്കൃത സമൂഹം അവലംബിക്കുന്ന ആരോഗ്യകരമായ സമീപനം. ശ്രോതാക്കൾക്ക് ഇഷ്ടപ്പെടുന്നത് മാത്രമേ ഒരു വ്യക്തി തന്റെ പ്രഭാഷണത്തിൽ പറയാവൂ എന്ന് വിധിക്കുന്നത് അഭിപ്രായ പ്രകടന സ്വാതന്ത്ര്യം എന്ന മൗലികാവകാശത്തിന് കൂച്ചുവിലങ്ങിടലാണ്. തങ്ങളുടെ ചിന്താധാരക്കും പ്രത്യയശാസ്ത്രത്തിനും സ്വാധീനമുള്ളിടത്ത്, തങ്ങൾക്കിഷ്ടമില്ലാത്തത് പറയുന്നവരെ കൈകാര്യം ചെയ്യുമെന്ന് വരുന്നത് സാംസ്കാരിക ഫാഷിസമല്ലാതെ മറ്റെന്താണ്?

തങ്ങൾക്കിഷ്ടമില്ലാത്തത് എന്തോ പറഞ്ഞുവെന്നാരോപിച്ച് പ്രശസ്ത കഥാകാരൻ സക്കറിയയെ, കുറച്ച് മുമ്പ് തങ്ങളുടെ കൈകരുത്തിന്റെ കാഠിന്യം കാണിച്ചു കൊടുത്ത അതേ ശക്തികൾ തന്നെയാണ് പ്രശസ്ത പരിസ്ഥിതി-മനുഷ്യാവകാശ പ്രവർത്തകൻ സി.ആർ നീലകണ്ഠനെ മർദിച്ചവശനാക്കിയത്. സ്വതന്ത്ര വേദിയായ 'പ്രതിചിന്ത' പ്രവർത്തകർ , 'മവോയിസം എങ്ങനെയുണ്ടാവുന്നു' എന്ന വിഷയത്തെ പുരസ്കരിച്ച് സംഘടിപ്പിച്ച ഒരു ചർച്ചാ സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം ആരംഭിച്ചപ്പോഴാണ് നീലകണ്ഠൻ കൈയേറ്റം ചെയ്യപ്പെട്ടത്. 'മാവോയിസ്റ്റുകളെ എതിർത്തപ്പോഴാണ് സദസ്സിലുള്ളവർ പ്രകോപിതരായതും സംഘർഷമുണ്ടായതും' എന്നാണ് സി.പി.എം സെക്രട്ടറിയുടെ വിശദീകരണം. എന്നാൽ, 'ഞാൻ പ്രസംഗിക്കാൻ എഴുന്നേറ്റ് സുഹൃത്തുക്കളേ, സഖാക്കളേ എന്ന് രണ്ട് വാക്ക് മാത്രം പറഞ്ഞപ്പോഴേക്കും മുൻ നിരയിലിരുന്ന 40-ഓളം ഡി.വൈ.എഫ്.ഐ പ്രവർത്തകർ മുദ്രാവാക്യം വിളിച്ചുകൊണ്ട് വേദിയിൽ കയറി ക്രൂരമായി മർദിക്കുകയായിരുന്നു' വെന്ന് നീലകണ്ഠൻ പറയുന്നു.

നീലകണ്ഠനെതിരെ കടുത്ത അസഹിഷ്ണുതയും അമർഷവും പ്രകടിപ്പിക്കാൻ ബന്ധപ്പെട്ടവരെ സംബന്ധിച്ചേടത്തോളം കാരണങ്ങൾ ഉണ്ടായിട്ടുണ്ട്. പാർട്ടിയുടെ അഭിമാന പ്രശ്നമായ ലാവ്ലിൻ കേസിൽ അഴിമതി നടന്നുവെന്ന പരസ്യ നിലപാടുമായി മാധ്യമങ്ങളിലും ചാനലുകളിലും പ്രത്യക്ഷപ്പെട്ടു. ലാവ്ലിൻ കേസിന്റെ രേഖകൾ സംഘടിപ്പിച്ച് 'ലാവ്ലിൻ രേഖകൾ' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. മൂന്നാറിലും ചെങ്ങറയിലും മൂലമ്പിള്ളിയിലും പോയി പ്രസംഗിക്കുകയും കിനാലൂർ ജനകീയ പ്രക്ഷോഭത്തിൽ സജീവ പങ്ക് വഹിക്കുകയും ചെയ്തു. തുറന്ന കത്തിലൂടെ വ്യവസായ മന്ത്രി കരീമിനെ മന്ത്രിസഭയിൽനിന്ന് പുറത്താക്കണമന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു.

ജനകീയ സമരങ്ങൾ നൂറു ശതമാനം ന്യായമാണെന്ന് വിശ്വസിക്കാനും അത്തരം സമരങ്ങളെ പിന്തുണക്കാനും രാജ്യത്തെ ഏതൊരു പൗരനും സ്വാതന്ത്ര്യമുണ്ട്. സർക്കാറിന്റെ നിലപാടുകളെയും ചെയ്തികളെയും ചോദ്യം ചെയ്യാനുള്ള പൗര സ്വാതന്ത്ര്യവും തഥൈവ. സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങളും തുറന്ന ആശയ സംവാദവും ജനാധിപത്യത്തിന്റെ ആണിക്കല്ലുകളാണ്.ചില സംഘടനകൾ ജനാധിപത്യത്തിന്റെ എതിരാളികളാണെന്ന് ഈയിടെയായി നാഴികക്ക് നാൽപതുവട്ടമെന്നോണം ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നവർ, വിമർശനം തങ്ങൾക്കെതിരാണെന്ന് വരുമ്പോൾ, അപ്രിയ സത്യങ്ങളോട് കടുത്ത അസഹിഷ്ണുത പ്രകടിപ്പിക്കുകയും 'തങ്ങൾ മാന്യത വിട്ട് പെരുമാറു'മെന്ന് ഭീഷണി മുഴക്കുകയും അപ്പടി പ്രകടനം കാഴ്ചവെക്കുകയും ചെയ്യുന്നത് ഫാഷിസമല്ലെങ്കിൽ മറ്റെന്താണ്?

**റഹ്മാൻ മധുരക്കുഴി**

# 'അവാസ്തവ'ത്തിനിടയിലെ വാസ്തവം അംഗീകരിക്കണം

**2010** ജൂൺ 5-ലെ *പ്രബോധന*ത്തിൽ ഹംസ ഏലൂരിന്റെ 'ഇന്ത്യാവിഷന്റെ (അ)വാസ്തവ പരിപാടിയും ജമാഅത്തെ ഇസ്‌ലാമിയും' എന്ന കുറിപ്പിലും അതേ ലക്കത്തിലെ മുഖക്കുറിപ്പിലും ഒരുപോലെ ചാനലുകളുടെ കുപ്രചാരണങ്ങളെ കുറിച്ചുള്ള പ്രസ്താവനകൾ കണ്ടു. ചാനലുകളുടെ കുപ്രചാരണങ്ങൾ വാസ്തവമാണെങ്കിലും *പ്രബോധന*ത്തിൽ കണ്ട പ്രതികരണത്തിൽ അൽപം

അതിശയോക്തിയുണ്ട്. കാരണം സോളിഡാരിറ്റിയുടെ കിനാലൂരിലെ ഇടപെടലും അതിനെ തുടർന്നുണ്ടായ പ്രശ്നങ്ങളും പശ്ചാത്തലമാക്കിയാണല്ലോ ഇക്കാണുന്ന വാർത്താ കോലാഹലങ്ങളത്രയും. ചാനലുകാർ ചർച്ചക്ക് ക്ഷണിക്കുന്ന കോൺഗ്രസ്, സി.പി.എം, ലീഗ് പ്രതിനിധികളോട് കിനാലൂർ പ്രശ്നത്തിനു ശേഷം മാത്രമേ നിങ്ങൾക്ക് സോളിഡാരിറ്റിയുടെയും ജമാഅത്തെ ഇസ്‌ലാമിയുടെയും മതേതരത്വത്തിൽ സംശയം വന്നുള്ളൂവെന്നും അതിനു മുമ്പ് അവരുടെ പിന്തുണ തേടിപ്പോയപ്പോൾ ഇതൊന്നും അറിയുമായിരുന്നില്ലേ എന്നും തികച്ചും ന്യായമായ ചോദ്യം ചോദിക്കുന്നത് ഇതേ ചാനലുകാർ തന്നെയാണ്. അവരുടെ ചോദ്യങ്ങൾക്ക് മുന്നിൽ വ്യക്തമായ ഉത്തരം പറയാതെ ഉരുണ്ടുകളിച്ച് അതുമിതും പറഞ്ഞ് ഒഴിഞ്ഞു മാറുന്ന കാഴ്ച ഇപ്പോഴും കണ്ടുകൊണ്ടിരിക്കുകയാണ് ജനങ്ങൾ. ഇത് പ്രസ്ഥാനത്തിന് അനുകൂലമായ ഒരു ഘടകമാണ്.

*പ്രബോധനം* മുഖക്കുറിപ്പിൽ പറയുന്നത് ഇങ്ങനെയാണ്: 'മാധ്യമങ്ങൾ, ദൃശ്യമാധ്യമങ്ങൾ വിശേഷിച്ചും സത്യസന്ധതയുടെയും മര്യാദയുടെയും എല്ലാ അതിരുകളും ഭേദിച്ചുകൊണ്ട് ഈ അങ്കം പൊലിപ്പിച്ചുകൊണ്ടിരിക്കുന്നു'. സത്യമായിരിക്കാം ഇത്. അതേസമയം, ജമാഅത്തെ ഇസ്‌ലാമിയുടെ ജനാധിപത്യത്തോടുള്ള നിലപാട് ചോദ്യം ചെയ്ത പിണറായിക്ക് മറുപടിയായി പ്രസ്ഥാന നേതാക്കൾ ഹിറാ സെന്ററിൽ പിറ്റേ ദിവസം നടത്തിയ പത്രസമ്മേളനം എല്ലാ ദൃശ്യ മാധ്യമങ്ങളും വളരെ പ്രാധാന്യത്തോടു കൂടിയാണ് സംപ്രേക്ഷണം ചെയ്തത് (കൈരളി ഒഴികെ). കേരളം കണ്ട പ്രഥമ വനിതാ സമ്മേളനം ഒരു കൂസലുമില്ലാതെ തമസ്കരിച്ച ചാനലുകളാണ് ഹിറാ സെന്ററിൽ വന്നതും റിപ്പോർട്ട് ചെയ്തതുമെന്ന് കാണാതിരുന്നുകൂടാ. ജമാഅത്തെ ഇസ്‌ലാമിയുമായി ഞങ്ങളൊരു ചർച്ചയും നടത്തിയിട്ടില്ലെന്ന് പ്രസ്താവിച്ച കുഞ്ഞാലിക്കുട്ടിക്ക് മറുപടിയായി, തങ്ങൾ 14 തവണയോളം ലീഗുമായി ചർച്ച നടത്തിയിട്ടുണ്ടെന്ന് അമീർ ഒരു തവണയേ പറഞ്ഞിട്ടുള്ളൂ. എന്നാൽ ആ ചോദ്യം ചർച്ചകൾക്ക് വരുന്ന യൂത്ത് ലീഗ് പ്രതിനിധികളോട് നിരന്തരം ചോദിച്ചുകൊണ്ടിരുന്നു ചാനലുകൾ. ഇത്തരം ചോദ്യങ്ങൾ പ്രേക്ഷകരിൽ പ്രസ്ഥാനത്തിന് അനുകൂലമായ വികാരമാണ് ഉണ്ടാക്കുന്നത്. അവാസ്തവ പ്രചാരണങ്ങളുടെ വ്യാപ്തിയെ അപേക്ഷിച്ച് വാസ്തവ പ്രചാരണത്തിന് കുറഞ്ഞ കവറേജ് മാത്രമേ കിട്ടുന്നുള്ളൂവെന്നത് വേറെ കാര്യം. അവാസ്തവ ചാനലുകളെ ലൈവായി കൈകാര്യം ചെയ്യാൻ ഒരു വാസ്തവ ചാനൽ വരുവോളം ഇത്തരം ചർച്ചകൾ നമുക്ക് *പ്രബോധനം* വാരികയിൽ വായിച്ച് നിർവൃതി കൊള്ളാം.

**കെ.എം സാബിഖ് അൽകോബാർ**
sabiqkm@gmail.com

# വ്യാജ ഏറ്റുമുട്ടലുകൾ അവസാനിച്ചിട്ടില്ല

**മൂന്ന്** കശ്മീരീ യുവാക്കൾ കൂടി വ്യാജ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. ജോലി വാഗ്ദാനം ചെയ്ത് അതിർത്തിയിലേക്ക് കൂട്ടിക്കൊണ്ടുപോയി വെടിവെച്ചു കൊല്ലുകയായിരുന്നു. ശഹ്സാദ് അഹ്മദ്, റിയാസ് അഹ്മദ്, മുഹമ്മദ് ശാഫി എന്നിവരാണ് കൊല ചെയ്യപ്പെട്ടത്. സംഭവം താഴ്‌വരയെ ഇളക്കിമറിച്ചു. മൃതദേഹവുമായി നാട്ടുകാർ തെരുവിലിറങ്ങി പോലീസുമായി ഏറ്റുമുട്ടി. ഗത്യന്തരമില്ലാതെ ഉന്നതതല സൈനിക അന്വേഷണത്തിന് ഉത്തരവിട്ടു. കരസേനാ മേജറും സൈനികനും ഉൾപ്പെടെ അഞ്ചു പേർക്കെതിരെ കേസെടുത്തു. മൂന്ന് പേരെ അറസ്റ്റ് ചെയ്തു.

കശ്മീരികളെ സംബന്ധിച്ച് ഇത്തരം സംഭവങ്ങൾ ആദ്യത്തേതും അവസാനത്തേതുമല്ല. മൂന്നു വർഷം മുമ്പ് സംസ്ഥാന ഗവൺമെന്റ് തന്നെ പറഞ്ഞത്, 1017 പേർ താഴ്‌വരയിൽ കാണാതായിട്ടുണ്ട് എന്നാണ്. കാണാതായവരുടെ ബന്ധുക്കൾ ചേർന്ന് 'അസോസിയേഷൻ ഓഫ് പാരന്റ്സ് ഓഫ് ഡിസപ്പിയേർഡ് പേർസണൽ (എ.പി.ഡി.പി) എന്ന സംഘടന രൂപവത്കരിച്ചിട്ടുണ്ട്.

നക്സൽ മേഖലകളിൽ മാത്രം കാണപ്പെട്ടിരുന്ന വ്യാജ ഏറ്റുമുട്ടൽ പഞ്ചാബിലെ ഖാലിസ്ഥാൻ തീവ്രവാദവുമായി ബന്ധപ്പെട്ട് 1980കളിലാണ് വ്യാപകമാവുന്നത്. പിന്നീട് കശ്മീരിലേക്കും ഇന്ത്യയുടെ ഇതര ഭാഗങ്ങളിലേക്കും വ്യാപിക്കുകയായിരുന്നു. ദൽഹിയിലെ അൻസൽ പ്ലാസയിലും ഗുജറാത്തിലെ അഹ്മദാബാദിലും നാഗ്പൂരിലെ ആർ.എസ്.എസ് ആസ്ഥാനത്തും നടത്തിയ ഏറ്റുമുട്ടൽ നാടകം കുപ്രസിദ്ധമാണ്. കേരളത്തിലെ നാലു യുവാക്കൾ കശ്മീരിൽ കൊല്ലപ്പെട്ട സംഭവം ഈ പശ്ചാത്തലത്തിൽ അന്വേഷണ വിധേയമാക്കേണ്ടതുണ്ട്.

കശ്മീരിലെ മൂന്ന് യുവാക്കളുടെ മരണത്തിന് ഉന്നതതല അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടെങ്കിലും പ്രക്ഷോഭത്തെ തണുപ്പിക്കാനുള്ള ഒരു തന്ത്രമായേ അതിനെ കാണാനാവൂ. അന്വേഷണം നടക്കുന്നത് അപൂർവം. ശിക്ഷിക്കപ്പെടുന്നത് അത്യപൂർവവും. 'ആംഡ് ഫോർസസ് സ്പെഷൽ ആക്ടി'ന്റെ മറവിലാണ് ഇത്തരം ക്രൂരകൃത്യങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും കശ്മീരിൽ നടക്കുന്നത്. നുഴഞ്ഞുകയറ്റവും ഏറ്റുമുട്ടലും സജീവമായി നിലനിർത്തേണ്ടത് ഈ നിയമത്തിന്റെ പൊതുപിന്തുണക്ക് അനുപേക്ഷ്യമാണ്. മനുഷ്യാവകാശം ലംഘിക്കപ്പെടുന്ന പശ്ചാത്തലത്തിൽ ഈ നിയമത്തെക്കുറിച്ച് പുനർവിചിന്തനം നടത്താൻ പി.ഡി.പി സ്ഥാപക നേതാവ് മുഫ്തി മുഹമ്മദ് സഈദ് ആവശ്യപ്പെട്ടത് ഈ സാഹച

ര്യത്തിലാണ്. വ്യാജ ഏറ്റുമുട്ടലിന്റെ ദുരന്തഫലങ്ങൾ അറിഞ്ഞതിലുമേറെ അറിയാനിരിക്കുന്നേയുള്ളൂ. എല്ലാ പഴുതുമടച്ച് നടത്തുന്ന ഓപ്പറഷനിൽ വളരെക്കുറച്ചേ പുറംലോകം അറിയുന്നുള്ളൂ. കൂടുതൽ സത്യങ്ങൾ ശവക്കല്ലറക്കുള്ളിൽ അന്ത്യവിശ്രമം കൊള്ളുകയാണ്.

**അൻവർ സാദത്ത് കുന്ദമംഗലം**

# ആർക്കാണ് ജനാധിപത്യത്തിൽ വിശ്വാസം?

**കേരളത്തിലെ** കഴിഞ്ഞ അസംബ്ലി തെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ഇടപെടൽ കേരളത്തെ ഒരു സാമ്രാജ്യത്വ മുതലാളിത്ത വിരുദ്ധ മനോഭാവത്തിലേക്ക് നയിക്കുന്നതിൽ മുഖ്യ പങ്കുവഹിച്ചിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമിക്ക് ജനാധിപത്യത്തിൽ വിശ്വാസമില്ല എന്നതാണല്ലോ പിണറായിയുടെ മുഖ്യ ആരോപണം. പിണറായിക്കും അദ്ദേഹത്തിന്റെ പാർട്ടിക്കും ജനാധിപത്യത്തിൽ വിശ്വാസമുണ്ടോ എന്ന മറുചോദ്യമാണ് ഇതിനുള്ള മറുപടി. ചരിത്രത്തിന്റെ ഭാഗമായി മാറിയ സോവിയറ്റ് യൂനിയനിൽ ജനാധിപത്യമുണ്ടായിരുന്നോ? ഇപ്പോഴുള്ള ചൈനയിലോ ഉത്തര കൊറിയയിലോ ക്യൂബയിലോ ജനാധിപത്യമുണ്ടോ? അടിയന്തരാവസ്ഥക്കെതിരെ നടന്ന ജനകീയ വിധിയെഴുത്തിൽ വോട്ട് ചെയ്ത് ജനാധിപത്യം പുനഃസ്ഥാപിക്കുന്നതിൽ വലിയ പങ്കുവഹിച്ച ജമാഅത്തെ ഇസ്‌ലാമിക്ക് ജനാധിപത്യത്തെ കുറിച്ച് പിണറായി ക്ലാസ്സെടുക്കുന്നത് നല്ല തമാശ തന്നെ. എതിരാളികളെ കൈയൂക്കുകൊണ്ട് നേരിടുന്ന മാർക്‌സിസ്റ്റ് പാർട്ടിക്ക് ഇന്നും ജനാധിപത്യത്തിൽ വിശ്വാസമില്ല.

മുസ്‌ലിം സംഘടനകളിൽ ചെറിയ സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമിയെന്നതാണ് അദ്ദേഹത്തിന്റെ മറ്റൊരു ആരോപണം. ശരിയായിരിക്കാം. പക്ഷേ, ജമാഅത്തെ ഇസ്‌ലാമി കൈകാര്യം ചെയ്യുന്നത് മുസ്‌ലിം രാഷ്ട്രീയമോ മുസ്‌ലിംകളുടെ മാത്രം പ്രശ്നമോ അല്ല. മറിച്ച് ഇന്ത്യയിലെ മുഴുവൻ ജനങ്ങളുടെയും പ്രശ്നമാണ്. അടിച്ചമർത്തപ്പെട്ട, പാർശ്വവത്കരിക്കപ്പെട്ട, നീതിനിഷേധിക്കപ്പെട്ട, ദലിത് ആദിവാസി ദരിദ്ര പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വേണ്ടിയാണ് ജമാഅത്തെ ഇസ്‌ലാമി നിലകൊള്ളുന്നത്. മാനവികതയാണ് അതിന്റെ മുഖമുദ്ര. അതുകൊണ്ടു തന്നെ ജാതി, മത ചിന്തകൾക്കപ്പുറം എല്ലാ വിഭാഗം ആളുകളിലും ജമാഅത്ത് സ്വാധീനം നേടിയിട്ടുണ്ട്. പിറണായിയുൾപ്പെടെ പലരെയും അസ്വസ്ഥരാക്കുന്നത് ഇതാണ്.

**സി.ടി മുഹമ്മദ് നിസാർ കണ്ണൂർ**
**റിയാദ്**

# സംഘടനകളും പത്രങ്ങളും ഒന്നിക്കുമോ?

**പ്രമുഖ** പത്രപ്രവർത്തകനും ഗ്രന്ഥകാരനുമായ കെ.പി കുഞ്ഞിമൂസ്സ (ലക്കം 49)യുടെ കത്ത് സമുദായത്തിലെ എല്ലാ മത സംഘടനാ നേതാക്കളും മതപണ്ഡിതന്മാരും ചിന്തിക്കുകയും പരിഹാര മാർഗം കാണുകയും ചെയ്യേണ്ട വിഷയമാണ്. വിവാഹത്തിലെ ധൂർത്തിനെയും ദുർവ്യയത്തെയും കുറിച്ചാണ് അദ്ദേഹം എഴുതിയത്. വിവാഹ രംഗത്ത് മുസ്‌ലിം സമുദായത്തിന് വഴിവെളിച്ചമേകാൻ, ധൂർത്തും ആഭാസങ്ങളും അവസാനിപ്പിക്കാൻ ലേഖകന്മാരും ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങളും പണ്ഡിതന്മാരും ഒന്നിക്കുമോ? മരണപ്പെട്ടുപോയ ഒരു അമുസ്‌ലിം സ്വാതന്ത്ര്യ സമര സേനാനി, ഒരു മുസ്‌ലിം സഹോദരനോട് ചോദിച്ച ചോദ്യം ഈ കുറിപ്പ് വായിച്ചപ്പോൾ ഓർമവന്നു. എല്ലാ വെള്ളിയാഴ്ചയും നന്മ ചെയ്യാൻ ഉപദേശിക്കുന്ന പ്രസംഗം. നോമ്പായാൽ ഒരു മാസം പള്ളിയിൽ പ്രസംഗവും ഉപദേശവും. മഴ മാറി വേനൽ വന്നാൽ പൊതുസ്ഥലത്ത് മതപ്രസംഗ പരമ്പര. എന്നിട്ടൊന്നും നിങ്ങൾ നേരെയാകാത്തത് എന്തുകൊണ്ടാണ്? ഇതായിരുന്നു സ്വാതന്ത്ര്യ സമരസേനാനിയുടെ ചോദ്യം. ഈ ചോദ്യം ഇന്നും പ്രസക്തമല്ലേ? *പ്രബോധനം*, *സത്യധാര*, *ശബാബ്*, *അൽമനാർ* ഇവയിലൊക്കെ വിവാഹ അനാചാരങ്ങളെ വിമർശിക്കുന്ന ലേഖനങ്ങൾ കാണുമ്പോൾ തോന്നുന്നു, സോളിഡാരിറ്റി, എസ്.ഐ.ഒ, ഐ.എസ്.എം, എസ്.എസ്.എഫ്, എം.എസ്.എം തുടങ്ങിയ സംഘടനകൾക്ക് ഇക്കാര്യത്തിൽ ഒരു സംയുക്ത വേദി ഒരുക്കിക്കൂടേ? എങ്കിൽ അതൊരു മാതൃക തന്നെയാവും. *ആരാമ*വും *പുടവ*യും *മഹിളാ ചന്ദ്രിക*യും *പൂങ്കാവന*വും വനിതാ സംഘടനകളുമെല്ലാം ഒന്നിച്ച് രംഗത്തുവരട്ടെ. മാറ്റമുണ്ടാവും, തീർച്ച.

**പി. സൂപ്പി കുറ്റ്യാടി**